Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : KITE/2025-26/1562-5 (1) തീയതി : 05.11.2025

## സർക്കുലർ

വിഷയം :- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - മികച്ച രീതിയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് അവാർഡ് നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- സ.ഉ (സാധാ) നം.361/2018/പൊ.വി. തീയതി 20.01.2018

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പാക്കിവരുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ ഉൾപ്പെട്ട 2248 യൂണിറ്റുകളിൽ 2.1 ലക്ഷം വിദ്യാർത്ഥികൾ ഓരോ വർഷവും അംഗങ്ങളാണ്. സംസ്ഥാനത്ത് ഏറ്റവും മികച്ച രീതിയിൽ ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് പുരസ്കാരം നൽകണമെന്ന് സൂചനയിലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2025-26 അധ്യയനവർഷത്തിൽ പ്രവർത്തിക്കുന്ന മൂന്ന് ബാച്ചുകളുടെയും (8, 9, 10 ക്ലാസുകൾ) പ്രവർത്തനത്തെ അടിസ്ഥാനമാക്കി 'ലിറ്റിൽ കൈറ്റ്സ് അവാർഡ്- 2025' നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സ്കൂളുകൾക്ക് യഥാക്രമം 2,50,000/-, 2,00,000/-, 1,50,000/- രൂപയും പ്രശസ്തി പത്രവും ജില്ലാ തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സ്കൂളുകൾക്ക് യഥാക്രമം 40,000/-, 30,000/-, 20,000/- രൂപയും പ്രശസ്തി പത്രവും അവാർഡായി നൽകുന്നതാണ്. ഉപജില്ലാ തലത്തിൽ മികച്ച വിദ്യാലയങ്ങൾക്ക് ഈ വർഷം പ്രത്യേക അവാർഡ് നൽകുന്നതാണ്. ലിറ്റിൽ കൈറ്റ്സ് അവാർഡ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. 2025-26 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് മൂന്ന് ബാച്ചുകളും (2023-26, 2024-27, 2025-28) പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് അവാർഡിന് അപേക്ഷിക്കാവുന്നതാണ്.

2. 2026 ജനുവരി 10 നകം അപേക്ഷ ഓൺലൈനായി നൽകേണ്ടതാണ്.

3. അപേക്ഷയിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾക്ക് ഉപോദ്ബലകമായ അനുബന്ധരേഖകളും ഫോട്ടോഗ്രാഫുകളും ഡിജിറ്റൽ രൂപത്തിൽ (ഓൺലൈൻ/പെൻഡ്രൈവ്) അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. ഇതിന്റെ വിശദാംശങ്ങൾ പിന്നീട് പുറപ്പെടുവിക്കും.

4. അപേക്ഷയുടെ അടിസ്ഥാനത്തിൽ ആവശ്യമെന്നു തോന്നുന്നപക്ഷം ജില്ലാ - സംസ്ഥാന ജൂറി അംഗങ്ങൾ വിദ്യാലയം സന്ദർശിക്കുന്നതാണ്. ജൂറി അംഗങ്ങൾക്ക് പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ അതത് സ്കൂൾ അധികൃതർ ഒരുക്കേണ്ടതാണ്.

5. ജൂറി അംഗങ്ങളുടെ തീരുമാനം അന്തിമമായിരിക്കും.

6. അവാർഡ് നിർണ്ണയം സംബന്ധിച്ച വിശദമായ മാർഗനിർദേശം പിന്നീട് പ്രസിദ്ധപ്പെടുത്തുന്നതാണ്.

അവാർഡിന് അപേക്ഷിക്കുന്ന സ്കൂളുകൾ മേൽ നിർദ്ദേശങ്ങൾ പാലിച്ച് നിശ്ചിത തീയതിക്കകം അപേക്ഷ സമർപ്പിക്കേണ്ടതും പകർപ്പ് വിദ്യാലയങ്ങളിൽ സൂക്ഷിക്കേണ്ടതുമാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ,
എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അറിവിലേക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും – ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാദമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ